# സ്വാർഥം ഭീകരമായാൽ

സ്വാർഥവും പക്ഷപാതിത്തവുമായ ലക്ഷ്യം നേടിയെടുക്കാൻ നിരപരാധരും പാവങ്ങളുമായ കുട്ടികളെയും സ്ത്രീകളെയും വൃദ്ധരെയും ദാരുണമായി കൊലപ്പെടുത്തുക. മനസ്സാക്ഷിയെ ഞെട്ടിക്കുന്ന അവരുടെ വിലാപങ്ങളിൽ തെല്ലും അസ്വസ്ഥത തോന്നാതിരിക്കുക.

മുറിവേറ്റ് ആശുപത്രികളിൽ കിടന്ന് നരകിക്കുന്നവരുടെ വേദനയിൽ അൽപം പോലും പ്രയാസമില്ലാതിരിക്കുക.

അനാഥകളും ആലംബഹീനരും വിധവകളുമായവരുടെ നിസ്സംഗതയിൽ ഒട്ടും അനുകമ്പ തോന്നാതിരിക്കുക.

ഇത് ജയ്പൂരിന്റെ വിലാപം. ഇത് ഒറ്റപ്പെട്ടതല്ല. രാജ്യത്ത് പലയിടങ്ങളിലും പലപ്പോഴും കേട്ടത്. ഇനിയും ഇത് സംഭവിക്കില്ലെന്ന് ആര് കണ്ടു?

രാജ്യത്തെ നടുക്കുന്ന ഭീകരപ്രവർത്തനങ്ങൾ എന്തിനു വേണ്ടിയുള്ളതാണ്? ലക്ഷ്യം നേടാൻ എന്തിന് നിരപരാധികളെ അറുകൊല ചെയ്യണം? നാളിതുവരെ ഏതെങ്കിലും ഭീകരവാദി ഭീകരകൃത്യത്തിലൂടെ തന്റെ ലക്ഷ്യം നേടിയിട്ടുണ്ടോ?

വഴിവെബ്സൈറ്റിന് ഇക്കാര്യത്തിൽ വ്യക്തമായ ഒരു ധാരണയുണ്ട്. ഭീകരവാത പ്രവർത്തനം മനുഷ്യവിരുധമാണ്.
മനുഷ്യവിരുധമാകയാൽ അത് മതവിരുധവുമാണ്.

ലക്ഷ്യം നേടാൻ ഒരിക്കലും ഭീകരവാദം പര്യാപ്തമോ അവലംബനീയ മാർഗമോ അനുവദിക്കേണ്ട കർമ്മമോ അല്ല. അതിനാൽ തന്നെ അതിനെ ശക്തമായി നേരിടേണ്ടത് ആവശ്യമാകുന്നു.

ഭീകരവാദപ്രവർത്തനം ഏതെങ്കിലും ഒരു പ്രതികരണത്തിന്റെ സൃഷ്ടി മാത്രമല്ല. അത്തരം വ്യക്തിത്വം രൂപപ്പെടുന്നതിൽ കുടുംബ പശ്ചാത്തലം ഏറെ സ്വാധീനം ചെലുത്തുന്നുണ്ട്.

ദുർവാശിയും പൊറുക്കാൻ കഴിയാത്ത മനസ്സും സ്നേഹമില്ലായ്മയും കുറ്റകൃത്യമനോഭാവവുമാണ് അതിന്റെ പ്രേരകം.

ഭീകരപ്രവർത്തനം ഏത് രാജ്യത്തായാലും അത് അനുവദിക്കരുത്. രാജ്യത്തിന്റെ രാഷ്ട്രീയവും സാമൂഹികവുമായ സംതുലിതത്തം നശിപ്പിച്ചുകൊണ്ടുള്ള കേവല ന്യൂനപക്ഷത്തിന്റെ ആവശ്യങ്ങൾക്ക് മുമ്പിൽ ഭരണകൂടം തലകുനിക്കുന്നതിനർഥം അത്തരം രീതികൾക്ക് പ്രോത്സാഹനം നൽകുകയാകുന്നു.

ഭീകരത സമൂഹത്തെ നശിപ്പിക്കുന്നതും തെറ്റിധാരണ വളർത്തുന്നതുമാകുന്നു. അതെയവസരം, ഏതെങ്കിലും വിഭാഗത്തെ അവകാശനിഷേധത്തിലൂടെയും അടിസ്ഥാനരഹിതമായ കുറ്റങ്ങൾ ആരോപിച്ചും സമൂഹത്തിൽനിന്ന് അകറ്റിനിർത്തുന്നത് ആരോഗ്യകരമല്ല. അവരെ സംശയത്തോടെ വീക്ഷിക്കുന്നത് സ്നേഹമുള്ള സാമൂഹിക ഘടന ആഗ്രഹിക്കുന്ന ഏതൊരു രാജ്യത്തിനും ഗുണം ചെയ്യില്ല. ഈ രീതികൾ ചിലപ്പോൾ കുറ്റവാളികൾക്ക് അനുകൂലസാഹചര്യം നൽകിയേക്കാം.

കാര്യങ്ങളിൽ മിതത്വം പാലിക്കണം. അനുവദനീയ മാർഗത്തിലൂടെ അവകാശങ്ങൾ നേടിയെടുക്കാൻ ശ്രമിക്കണം. അതിനു സാധ്യമല്ലെങ്കിൽ നീതിപീഠങ്ങളെ സമീപിക്കണം. എന്നാലും ഭീകരതയുടെ മാർഗം അവലംബിക്കരുത്.

ഭീകരതയെ ഭീകരത കൊണ്ട് നേരിടരുത്. അത് നല്ലതല്ല. ഏതെങ്കിലും വിഭാഗത്തിലെ ചിലർ ചെയ്യുന്ന അതിക്രമത്തിന്റെ പേരിൽ അവർ ഉൾക്കൊള്ളുന്ന വർഗത്തെ മുഴുവൻ കുറ്റവാളികളായി കാണുന്ന പ്രവണത കണ്ടുവരാറുണ്ട്. അത് അവസാനിപ്പിക്കുകയും തുറന്ന ചർച്ച ആകുന്നതോടൊപ്പം ശക്തമായ ബോധവത്കരണവും ആവശ്യമാണ്.

മനുഷ്യർ കൂടുതൽ സ്വാർഥത്തിലേക്ക് നീങ്ങുന്ന കാലാണിത്. അവന്റെ ആവശ്യങ്ങൾ മാത്രമാണ് അവന്റെ മുമ്പിലുള്ളത്. അത് നേടാൻ ഏതറ്റം വരെ പോകാനും അവൻ ഒരുക്കമാണ്. ഏത് കൃത്യത്തിനും അവൻ തയാറാണ്. ഈ മാനസികാവസ്ഥ പഠനവിധേയമാക്കുകയും നിവാരണ മാർഗം കണ്ടുപിടിക്കുകയും വേണം.

രാജ്യസ്നേഹം, മാനുഷികപ്രതിബദ്ധത, ഗുണകാംക്ഷ തുടങ്ങിയവ ചെറുപ്പത്തിൽ തന്നെ ശീലിപ്പിക്കാൻ അത് വിദ്യഭ്യാസത്തിന്റെ ഭാഗമാക്കണം. ശക്തമായ കൗൺസിലിംഗ് ഈ രംഗത് ആവശ്യമാണ്.

സ്വാർഥത്തിന് നിരപരാധികളുടെ രക്തം കൊണ്ട് വളരാൻ അവസരഅവസരമേകരുത്.